ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ നാല് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയാണെന്നും വരും ദശകങ്ങളിൽ എട്ട് ശതമാനം വളർച്ചാ സാധ്യതയുണ്ടെന്നും ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻഖർ.

   **Vice President Jagdeep Dhankhar said that India is a four trillion-dollar economy and has a growth potential of eight percent in the coming decades.**

2. കേന്ദ്ര സർക്കാരിൻറെ മേക്ക് ഇൻ ഇന്ത്യ പദ്ധതി 10 വർഷം പൂർത്തിയാക്കി. 140 കോടി ഇന്ത്യക്കാരുടെ കൂട്ടായ നിശ്ചയദാർഢ്യമാണ് പദ്ധതിയുടെ വിജയം വ്യക്തമാക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Central Government's Make in India scheme has completed 10 years.Prime Minister Narendra Modi said that the success of the project is due to the collective determination of 140 crore Indians.**

3. ജമ്മുകശ്മീരിൽ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് പൂർത്തിയായി. വൈകുന്നേരം അഞ്ചു മണി വരെ 54 ശതമാനം പോളിംഗ്.

   **The second phase of assembly elections in Jammu and Kashmir has been completed. 54 percent polling till 5 pm.**

4. സംയുക്ത പാർലമെൻററി സമിതി വഖഫ് ഭേദഗതി ബിൽ റിപ്പോർട്ട് ശൈത്യകാല സമ്മേളനത്തിൻറെ ആദ്യ ആഴ്ച സമർപ്പിക്കുമെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു.

   **Union Minister Kiren Rijiju said that the Joint Parliamentary Committee will submit the Waqf Amendment Bill report in the first week of the winter session.**

5. 2030-ഓടെ എച്ച്ഐവി എയ്ഡ്സ് ഭീഷണികൾ അവസാനിപ്പിക്കുക എന്ന ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര മന്ത്രി അനുപ്രിയ പട്ടേൽ.

**Union Minister Anupriya Patel said India is committed to achieving the United Nations Sustainable Development Goal of ending the menace of HIV-AIDS by 2030.**

## REV. PM- MAKE IN INDIA

കേന്ദ്ര സർക്കാരിൻറെ സുപ്രധാന സംരംഭമായ മേക്ക് ഇൻ ഇന്ത്യ പദ്ധതി 10 വർഷം പൂർത്തിയാക്കി. '140 കോടി ഇന്ത്യക്കാരുടെ കൂട്ടായ നിശ്ചയദാർഢ്യമാണ് 'മേക്ക് ഇൻ ഇന്ത്യ' യുടെ വിജയം വ്യക്തമാക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. വിവിധ മേഖലകളിൽ കയറ്റുമതി വർധിച്ചതും, സമ്പദ്‌വ്യവസ്ഥ ശക്തിപ്പെട്ടതും ശ്രദ്ധേയമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. പദ്ധതി വിജയിപ്പിക്കാൻ പ്രയത്നിച്ച എല്ലാവരെയും അദ്ദേഹം അഭിനന്ദിച്ചു. പരിഷ്കാരങ്ങളിൽ ഇന്ത്യയുടെ കുതിപ്പ് തുടരുമെന്നും രാജ്യം ഒരുമിച്ച്, ആത്മനിർഭറും വികസിത് ഭാരതും യാഥാർഥ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

## VP- UPITS (EARLY)

ഇന്ത്യ ഇപ്പോൾ ലോകത്തിലെ ഏറ്റവും മികച്ച സമ്പദ് വ്യവസ്ഥകളിലൊന്നാണെന്നും ആഗോള നിക്ഷേപത്തിൻറെ സുപ്രധാന ലക്ഷ്യസ്ഥാനമാണെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ഇന്ത്യ ഏകദേശം നാല് ട്രില്യൺ ഡോളർ സമ്പദ് വ്യവസ്ഥയാണെന്നും വരും ദശകങ്ങളിൽ എട്ട് ശതമാനം വളർച്ചാ സാധ്യത യുണ്ടെന്നും ഉപരാഷ്ട്രപതി പറഞ്ഞു. ഉത്തർപ്രദേശ് അന്താരാഷ്ട്ര വ്യാപാര പ്രദർശനത്തിൻറെ രണ്ടാം പതിപ്പ് ഗ്രേറ്റർ നോയിഡയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്രമന്ത്രി ജീത്തൻ റാം മാഞ്ചി, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് തുടങ്ങിയവർ പങ്കെടുത്തു. അഞ്ച് ദിവസത്തെ പ്രദർശനം ഈ മാസം 29ന് സമാപിക്കും.

## RIJIJU-100 DAYS (INTRO)

വഖഫ് ഭേദഗതി ബിൽ സംബന്ധിച്ച് പരിശോധിക്കുന്നതിനായി നിയോഗിച്ച സംയുക്ത പാർലമെൻററി സമിതി പാർലമെൻറ് ശൈത്യകാല സമ്മേളനത്തിൻറെ ആദ്യ ആഴ്ച റിപ്പോർട്ട് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജു. ഒരു കോടിയിലേറെ പേരിൽ നിന്ന് കമ്മിറ്റി അഭിപ്രായം ശേഖരിച്ചതായും അദ്ദേഹം പറഞ്ഞു.

വിശദാംശങ്ങളിലേക്ക്.........

(ഹോൾഡ് വോയ്സ്)

നിരവധി സർക്കാർ, സാമൂഹ്യ സംഘടനകളിൽ നിന്ന് സമിതി അഭിപ്രായങ്ങൾ ആരാഞ്ഞതായും കൂടുതൽ പേരുമായി ചർച്ചകൾ നടത്തിവരുന്നതായും കിരൺ റിജുജു വ്യക്തമാക്കി. മൂന്നാം മോദി സർക്കാരിനു കീഴിൽ ന്യൂനപക്ഷ കാര്യ മന്ത്രാലയം കഴിഞ്ഞ 100 ദിവസത്തിനിടെ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുക യായിരുന്നു കേന്ദ്രമന്ത്രി. നേരത്തെയും വഖഫ് ബില്ലിൽ ഭേദഗതി കൊണ്ടുവന്നിരുന്നെങ്കിലും നിരവധി പേരിൽ നിന്ന് അഭിപ്രായങ്ങൾ ശേഖരിക്കുന്നത് ഇത് ആദ്യമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ന്യൂനപക്ഷ വിഭാഗത്തിലുള്ളവർക്ക് സുരക്ഷിത അന്തരീക്ഷം ഒരുക്കുന്നതിനും മെച്ചപ്പെട്ട അവസരങ്ങൾ ലഭ്യമാക്കുന്ന തിനുമാണ് സർക്കാർ പരിഗണന നൽകുന്നതെന്നും പറഞ്ഞു. ഈ സാമ്പത്തിക വർഷം രണ്ടു ലക്ഷത്തി 50,000 ഗുണഭോക്താക്കൾക്ക് 1000 കോടി രൂപയുടെ സഹായം ലഭ്യമാക്കിയതായും അദ്ദേഹം പറഞ്ഞു. ഹജ്ജ് യാത്രക്കാർക്കായി ഹജ്ജ് സുവിധ ആപ്പ് പുറത്തിറക്കി.

ന്യൂസ് ഡെസ്ക്ക് ആകാശവാണി.

## PM - MAHARASHTRA

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്രയിലെ പൂനെ സന്ദർശിക്കും. 22,600 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവ്വഹിക്കും. ജില്ലാ കോടതി മുതൽ പൂനെയിലെ സ്വർഗേറ്റു വരെയുള്ള മെട്രോ ട്രെയിൻ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. ദേശീയ സൂപ്പർ കമ്പ്യൂട്ടിംഗ് ദൗത്യത്തിന് കീഴിൽ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഏകദേശം 130 കോടി രൂപ വിലമതിക്കുന്ന രുദ്ര സൂപ്പർ കമ്പ്യൂട്ടറുകൾ ശ്രീ മോദി രാജ്യത്തിന് സമർപ്പിക്കും. പുണെ, ഡൽഹി, കൊൽക്കത്ത എന്നിവിടങ്ങളിൽ ശാസ്ത്രീയ ഗവേഷണം സുഗമമാക്കുന്നതിന് ഈ സൂപ്പർ കമ്പ്യൂട്ടറുകൾ ഉപയോഗിക്കും. കാലാവസ്ഥാ ഗവേഷണങ്ങൾക്കായി രൂപപ്പെടുത്തിയ ഉയർന്ന പ്രവർത്തനക്ഷമതയുള്ള കംപ്യൂട്ടിംഗ് സംവിധാനവും പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്യും.

## J&K: VOTER TURNOUT

ജമ്മുകശ്മീരിൽ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് പൂർത്തിയായി. വൈകുന്നേരം അഞ്ചു മണി വരെയുള്ള കണക്കനുസരിച്ച് 54 ശതമാനം പോളിംഗ് രേഖപ്പെടുത്തി. റെയിസിയിൽ 71.81 ശതമാനവും രജൗരിയിൽ 67.77 ശതമാനവും പൂഞ്ചിൽ 71.59 ശതമാനവും പോളിങ് രേഖപ്പെടുത്തി. ശ്രീനഗറിൽ 27.31ശതമാനമാണ് പോളിങ്. ബുദ്ഗാമിലും ഗന്ധേർബല്ലിലും യഥാക്രമം 58.97 ഉം 58.81 ഉം ശതമാനം പോളിങ് രേഖപ്പെടുത്തി. ആറ് ജില്ലകളിലെ 26 മണ്ഡലങ്ങളാണ് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടന്നത്. 239 സ്ഥാനാർത്ഥികളാണ് രണ്ടാം ഘട്ടത്തിൽ ജനവിധി തേടിയത്. 25.78 ലക്ഷം പേർ സമ്മതിദാന അവകാശം

വിനിയോഗിച്ചു. രാവിലെ ഏഴ് മണിമുതൽ 3,502 പോളിങ് സ്റ്റേഷനുകളിലായാണ് തിരഞ്ഞെടുപ്പ് നടന്നത്. രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജമ്മു കശ്മീരിൽ സുരക്ഷ ശക്തമാക്കിയിരുന്നു. ജമ്മു കശ്മീരിലെ മൂന്നാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് അടുത്ത മാസം ഒന്നിന് നടക്കും. ഒക്ടോബർ എട്ടിനാണ് വോട്ടെണ്ണൽ.

## UN-ANUPRIYA PATEL

2030-ഓടെ എച്ച്ഐവി എയ്ഡ്സ് ഭീഷണികൾ അവസാനിപ്പിക്കുക എന്ന ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് ആരോഗ്യ കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ. ഐക്യരാഷ്ട്ര സഭയിൽ ഒരു ഉന്നത തല യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. പ്രതിവർഷം സൗജന്യ എച്ച്ഐവി ടെസ്റ്റുകൾ നടത്തുന്ന 30 ദശലക്ഷത്തിലധികം വരുന്ന ഗർഭിണികൾക്ക് രാജ്യം എച്ച്ഐവി, സിഫിലിസ് പരിശോധനകൾ നൽകുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. 2010 മുതൽ എച്ച്ഐവി അണുബാധകൾ 44 ശതമാനം കുറഞ്ഞു. ഇത് ആഗോള നിരക്കായ 39 ശതമാനത്തെ മറികടക്കുമെന്നും അവർ വ്യക്തമാക്കി.

## SONOWAL - PORTS

രാജ്യത്ത് രണ്ട് പ്രധാന തുറമുഖങ്ങൾ വികസിപ്പിക്കുകയാണെന്ന് കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. ഗ്രേറ്റ് നിക്കോബാർ ദ്വീപുകളിലെ ഗലാത്തിയ ഉൾക്കടലിലും മഹാരാഷ്ട്രയിലെ വധവനിലുമാണ് തുറമുഖ വികസന പ്രവർത്തനങ്ങൾ നടക്കുന്നത്. ഇതോടെ, രാജ്യത്തെ പ്രധാന തുറമുഖങ്ങളുടെ എണ്ണം 14 ആകും. മൂന്നാം മോദി സർക്കാരിൻ്റെ ആദ്യ 100

ദിവസങ്ങളിൽ തൻ്റെ മന്ത്രാലയത്തിൻ്റെ നേട്ടങ്ങളെക്കുറിച്ച് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ശ്രീ സോനോവാൾ.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 29-ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 114 - ആം പതിപ്പാണിത്. പരിപാടിയിലേക്ക് ജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന നമ്പറിലോ, MyGov ഓപ്പൺ ഫോറത്തിലോ മറ്റന്നാൾ വരെ അറിയിക്കാവുന്നതാണ്.

## HARYANA- CAMPAIGNING (INTRO)

നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന ഹരിയാനയിൽ രാഷ്ട്രീയ പാർട്ടികളുടെ താരപ്രചാരകർ വിവിധ യോഗങ്ങളിൽ പങ്കെടുത്തു. 22 നിയമസഭാ മണ്ഡലങ്ങളിലെ ബി.ജെ.പി സ്ഥാനാർഥികൾക്കുവേണ്ടി പ്രധാനമന്ത്രി നരേന്ദ്ര മോദി സോനിപത്തിലെ ഗൊഹാനയിൽ നടന്ന ജനാശിർവാദ് റാലിയെ അഭിസംബോധന ചെയ്തു.

വിശദാംശങ്ങളിലേക്ക്...

(VOICE)

ബിജെപി സർക്കാരിന് കീഴിൽ വ്യവസായം, കൃഷി തുടങ്ങിയ മേഖലകളിൽ ഹരിയാന മികച്ച സംസ്ഥാനങ്ങളിൽ ഇടംനേടിയെന്ന് പ്രധാനമന്ത്രി പറഞ്ഞു. യുവാക്കൾക്ക് തൊഴിലവസരങ്ങൾ നൽകുന്നതിനായി ഹരിയാനയിൽ വ്യവസായ നഗരങ്ങൾ സ്ഥാപിക്കുമെന്ന് ബിജെപി പ്രഖ്യാപിച്ചിട്ടുണ്ടെന്നും ശ്രീ. മോദി

പറഞ്ഞു. ജമ്മു കാശ്മീരിൽ  തെരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുത്തതിന് ജനങ്ങളെ മോദി അഭിനന്ദിച്ചു. സമാധാനപരമായ അന്തരീക്ഷത്തിലാണ് ജമ്മു  കശ്മീരിൽ തിരഞ്ഞെടുപ്പ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി കുരുക്ഷേത്രയിലെ പൊതു റാലിയെ അഭിസംബോധന ചെയ്തു. മുൻ ഉപപ്രധാനമന്ത്രി ചൗധരി ദേവി ലാലിൻ്റെ ജയന്തി ദിനത്തിൽ ഇന്ത്യൻ നാഷണൽ ലോക്ദൾ, ജനനായക് സമ്മാൻ റാലി സംഘടിപ്പിച്ചു. ബഹുജൻ സമാജ് പാർട്ടി നേതാവ് മായാവതി, ശിരോമണി അകാലിദൾ നേതാവ് സുഖ്ബീർ ബാദൽ എന്നിവരും റാലിയെ അഭിസംബോധന ചെയ്യും. ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാളും ഇന്ന് മെഹമിൽ ഒരു പൊതു റാലിയെ അഭിസംബോധന ചെയ്യും.

ന്യൂസ് ഡെസ്ക് ആകാശവാണി

## REV. UNSC INDIA

യുഎൻ സുരക്ഷാ കൗൺസിലിൽ ഇന്ത്യയുടെ സ്ഥിരാംഗത്വത്തെ പിന്തുണച്ച് ചിലിയൻ പ്രസിഡൻറ് ഗബ്രിയേൽ ബോറിക്ക് ഫോണ്ട്. ന്യൂയോർക്കിൽ യുഎൻ പൊതുസഭയുടെ 79-ാമത് യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.  ആഗോള പ്രതിസന്ധികൾ പരിഹരിക്കുന്നതിന് യുഎൻ സുരക്ഷാ സമിതി നവീകരിക്കേണ്ടത് അനിവാര്യമാണെന്നും സുരക്ഷാ കൗൺസിലിൽ ഇന്ത്യയേയും ബ്രസീലിനേയും ഒരു ആഫ്രിക്കൻ രാജ്യത്തെയും ഉൾപ്പെടുത്തണമെന്നും ചിലിയൻ പ്രസിഡൻറ് പറഞ്ഞു.

## EK PED MA KE NAM

'ഏക് പേഡ് മാ കെ നാം' വൃക്ഷത്തൈ നടീൽ പ്രചാരണത്തിലൂടെ 80 കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക എന്ന ലക്ഷ്യം

കൈവരിച്ച് കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം. സർക്കാർ ഏജൻസികൾ, ഗ്രാമതല സ്ഥാപനങ്ങൾ, പ്രദേശവാസികൾ, മറ്റ് പങ്കാളികൾ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെയാണ് ഇത് സാധ്യമായത്. ഈ വർഷം ജൂൺ 5-ന് ലോക പരിസ്ഥിതി ദിനത്തിലാണ് കാമ്പയിൻ ആരംഭിച്ചത്.

## ISRAEL- QABISI KILLED

ലെബനനിൽ ഇസ്രായേൽ വ്യോമാക്രമണം തുടരുന്നു. 20,000-ത്തിലധികം ആളുകളാണ് സംഘർഷത്തെ തുടർന്ന് വിവിധ കേന്ദ്രങ്ങളിൽ അഭയം തേടിയത്. ലെബനൻ തലസ്ഥാനമായ ബെയ്റൂട്ടിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ ഹിസ്ബുള്ളയുടെ ഉന്നത കമാൻഡർ ഇബ്രാഹിം ഖുബൈസി കൊല്ലപ്പെട്ടു. ഹിസ്ബുള്ള കമാൻഡറെ വ്യോമാക്രമണത്തിൽ വധിച്ചതായി ഇസ്രായേൽ പ്രതിരോധസേന സ്ഥിരീകരിച്ചു.

## REV SC- JUDGES

സ്ത്രീകൾക്കോ ഏതെങ്കിലും ഒരു വിഭാഗത്തിനോ എതിരായ മോശം പരാമർശങ്ങൾ ജഡ്ജിമാർ ഒഴിവാക്കണമെന്ന് സുപ്രീം കോടതി. കർണാടക ഹൈക്കോടതി ജഡ്ജിയുടെ വിവാദ പരാമർശവുമായി ബന്ധപ്പെട്ട് സ്വമേധയാ വാദം കേൾക്കവേയാണ് പരമോന്നത കോടതിയുടെ നിരീക്ഷണം.